# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ 3969

24/08/2017 -ൽ മറുപടിയ്ക്ക്.

## സംയോജിത ക്ഷീരവികസന പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.കെ.വിജയൻ<br>ശ്രീ.എൽദോ എബ്രഹാം<br>ശ്രീ.മുഹമ്മദ് മുഹസിൻ പി. | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ മന്ത്രി) | |
| (എ) | ക്ഷീര വികസന വകുപ്പ് ജൈവവള ഉല്പാദനവുമായി ബന്ധപ്പെട്ട് ക്ഷീര കർഷകർക്കായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നറിയിക്കാമോ; | (എ) | ഡയറി യൂണിറ്റുകളിൽ ലഭ്യമാകുന്ന ചാണകം ഉണക്കി വിൽപ്പന നടത്തുന്നതിനായി നടപ്പ വർഷം എം.എസ്.ഡി.പി(മിൽക്ക് ഷെഡ് വികസന പദ്ധതി) പദ്ധതിയിൽ ഉൾപ്പെടുത്തി 54 യൂണിറ്റുകൾ ആരംഭിക്കുന്നതാണ്. ഒരു യൂണിറ്റിന് 22,000/- രൂപയുടെ സബ്സിഡി നൽകുന്നു. ഇതു കൂടാതെ വെർമി കംപോസ്റ്റ് കിറ്റുകൾ 90 എണ്ണം സ്ഥാപിക്കുന്നതിന് യൂണിറ്റൊന്നിന് 19,500/- രൂപയുടെ ധനസഹായവും കർഷകർക്ക് അനുവദിക്കുന്നുണ്ട്. |
| (ബി) | ക്ഷീരോല്പാദന സാധ്യതയുള്ള പ്രദേശങ്ങളിൽ സംയോജിത ക്ഷീര വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 50 ബ്ലോക്ക് പഞ്ചായത്തുകളെ ക്ഷീരോല്പാദന സാധ്യതയുള്ള പ്രദേശങ്ങളായി കണ്ടെത്തി ഡയറി സോണുകളായി പ്രഖ്യാപിച്ചുകൊണ്ട് അവിടങ്ങളിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകി വരുന്നു. |

| പ്രോജക്ട് | യൂണിറ്റുകളുടെ എണ്ണം |
|---|---|
| 1. ഗോദാനം | 477 |
| 2. 2 പശു യൂണിറ്റ് | 675 |

| | |
|---|---|
| 3. 5 പശു യൂണിറ്റ് | 207 |
| 4.10 പശു യൂണിറ്റ് | 99 |
| 5. 5 കിടാരി യൂണിറ്റ് | 90 |
| 6. 10 കിടാരി യൂണിറ്റ് | 72 |
| 7. ഗോകലം ഡയറി യൂണിറ്റ് | 54 |
| 8. ധാതു ലവണ മിശ്രിതം | 10512 |
| 9.പുരോഗമന ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധന സഹായം | 675 |
| 10.കറവയന്ത്രം വാങ്ങുന്നതിനുള്ള ധനസഹായം | 225 |
| 11.ശാസ്ത്രീയമായ തൊഴുത്ത് | 90 |
| 12 കാലാവസ്ഥാ വ്യതിയാനത്തിനു അനുയോജ്യമായ കാലിതൊഴുത്ത് നിർമ്മാണം | 54 |
| 13.കറവ പ്പശുക്കളുടെ പാരിസ്ഥിതിക സമ്മർദ്ദം ലഘൂകരിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ഒരുക്കുന്നതിനുള്ള ധനസഹായം | 72 |
| 14.കറഞ്ഞചെലവിൽ ചാണകം ഉണക്കി വിപണനം ചെയ്യുന്നതിനുള്ള ധനസഹായം. | 54 |
| 15.വെർമി കമ്പോസ്റ്റ് നിർമ്മാണം. | 90 |
| 16.സയിലേജ് നിർമ്മാണം (ടാങ്ക് സൈലേ) | 90 |

17. ഗുണഭോക്താക്കൾക്കും വകുപ്പ് ഉദ്യോഗസ്ഥർക്കുമുള്ള പ്രത്യേക പരിശീലന പരിപാടി

18. ഡോക്യുമെന്റേഷൻ, പദ്ധതി നടത്തിപ്പ്, മോണിറ്ററിംഗ് എന്നിവയ്ക്കുമുള്ള ഫണ്ട്.

(സി) ക്ഷീര വികസന വകുപ്പ് മുഖേന കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനായി ധാതുലവണ മിശ്രിതം നല്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(സി) ധാതുലവണ മിശ്രിതം നൽകുന്നതിനുള്ള പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പദ്ധതിയായ ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള ധനസഹായ പദ്ധതിയിൽ ഉൾപ്പെടുത്തി 155 ലക്ഷം രൂപ ധാതു ലവണ മിശ്രിതം നൽകുന്നതിനുള്ള പദ്ധതിയ്ക്കായി വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.